**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

## കൊല്ലം ജില്ലയിലെ ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് സ്ഥലം മാറ്റം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5290 31/10/2016-ൽ മറുപടിക്ക്**

| | ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 6.01.2015-ലെ OA നം. 2380/14 ഉത്തരവ് പ്രകാരം 51 പോലീസുകാരെ മറ്റു ജില്ലകളിൽ നിന്നും കൊല്ലം ജില്ലയിലെ ലോക്കൽ സ്റ്റേഷനുകളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾക്ക് നിർദ്ദേശിച്ചിരുന്നോ ; | (എ) | നിർദ്ദേശിച്ചിരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ? | (ബി) | ബഹു. ട്രിബ്യൂണലിന്റെ മേൽ ഉത്തരവ് പ്രകാരം 23.02.2015-ന് സംസ്ഥാന പോലീസ് മേധാവി പരാതിക്കാരുടെ ഹിയറിംഗ് നടത്തുകയുണ്ടായി. 1993 മുതൽ 2014 വരെ കൊല്ലം ലോക്കൽ പോലീസ് വിഭാഗത്തിലേയ്ക്കുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിൽ 51 പോലീസുകാരുടെ കുറവുണ്ടായിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി കണ്ടെത്തുകയും പ്രസ്തുത കുറവ്, ലോക്കൽ വിഭാഗത്തിൽ തുടർന്നുണ്ടാകുന്ന ഒഴിവുകൾ നികത്തുമ്പോൾ ബറ്റാലിയൻ മുഖാന്തിരം വന്ന പോലീസുദ്യോഗസ്ഥരുടെ അവകാശങ്ങളെ ദോഷകരമായി ബാധിക്കാത്തവിധം നയപരമായി പരിഹരിക്കണമെന്ന് 21.03.2015-ലെ ഇ 4-99584/ 2014/പി.എച്ച്.ക്യു നമ്പർ കത്ത് പ്രകാരം |

| | | | |
|---|---|---|---|
| | | | സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിട്ടുള്ളതുമാണ്. തുടർന്ന് പോലീസ് ആസ്ഥാനത്തുനിന്നുള്ള 11.01.2016-ലെ ഇ 4-198681/ 2015/പി.എച്ച്.ക്യു നമ്പർ കത്ത് പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനുള്ള അനുപാതം 20 ശതമാനമായി ഉയർത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA നം. 2380/14 നമ്പർ ഉത്തരവ് നടപ്പാക്കുന്നതിനായുള്ള സംസ്ഥാന പോലീസ് മേധാവിയുടെ 21.03.2015-ലെ ഇ 4-99584/ 2014/പി.എച്ച്,ക്യു നമ്പർ കത്ത് ഉത്തരവ് ഇറങ്ങിയശേഷം കൊല്ലം സിറ്റി, കൊല്ലം റൂറൽ ജില്ലകളിലായി നാളിതുവരെ 174 ലോക്കൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ 13 8 ഒഴിവുകൾ ജില്ലാ എ.ആർ. ക്യാമ്പിൽ നിന്നും ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ട്രാൻസ്ഫർ നൽകിയും ശേഷിച്ച 36 ഒഴിവുകൾ മറ്റു ജില്ലകളിൽ നിന്നും അന്തർ ജില്ലാ സ്ഥലം മാറ്റം മുഖാന്തിരവും നികത്തിയിട്ടുള്ളതാണ്. ഇപ്രകാരം 51 പേരുടെ കുറവ് കണ്ടെത്തിയതിൽ 19 എണ്ണം നിലവിൽ പരിഹരിച്ചിട്ടുള്ളതും ശേഷിച്ച 32 എണ്ണം തുടർന്നുണ്ടാകുന്ന ഒഴിവുകളിന്മേൽ ആനുപാതികമായി നികത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

OB 31/X